ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വാശ്രയ/അറബിക് കോളേജുകൾക്കൊന്നുംതന്നെ എയ്ഡഡ് പദവി നൽകിയിട്ടില്ല.

(സി&ഡി) ബാധകമല്ല.

ആലത്തൂർ എസ്. എൻ. കോളേജ്

7(2909) ശ്രീ.എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ എസ്.എൻ.കോളേജിൽ നിന്നും 2012-13, 2013-14, 2014-15 അദ്ധ്യയന വർഷങ്ങളിൽ എത്ര വിദ്യാർത്ഥികളെ പ്രിൻസിപ്പാൾ പുറത്താക്കിയിട്ടുണ്ട്, അവരുടെ പേരും, ക്ലാസും, ആരോപിക്കപ്പെട്ട കുറ്റവും വ്യക്തമാക്കുമോ ;

(ബി) 2012-13, 2013-14, 2014-15 അദ്ധ്യയന വർഷങ്ങളിൽ എത്ര വിദ്യാർത്ഥികൾക്ക് ഹാജർ കുറവുമൂലം പരീക്ഷ ഫീസ് അടയ്ക്കാൻ പ്രിൻസിപ്പാൾ അനുവാദം നൽകിയിരുന്നു ; അവരുടെ പേരും വിശദാംശങ്ങളും ലഭ്യമാക്കുമോ ;

(സി) എത്ര വിദ്യാർത്ഥികൾക്ക് എതിരായി പ്രിൻസിപ്പാൾ പോലീസിൽ പരാതി നൽകിയിട്ടുണ്ട് ; ഇതിൽ എത്ര കേസ്സുകൾ അന്വേഷിച്ചു വ്യാജമെന്ന് കണ്ടെത്തിയിട്ടുണ്ട് ;

(ഡി) വിദ്യാർത്ഥികൾക്ക് എതിരായ പ്രിൻസിപ്പാളിന്റെ നിലപാടിനെതിരായി വിദ്യാർത്ഥികൾ എത്ര കേസുകൾ കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ ഫയൽ ചെയ്തിട്ടുണ്ട്;

(ഇ) എത്ര കേസ്സുകളിൽ വിദ്യാർത്ഥികൾക്ക് എതിരായ വിധിയുണ്ടായി ; എത്ര കേസ്സുകളിൽ വിദ്യാർത്ഥികൾക്ക് അനുകൂലമായ വിധിയുണ്ടായി ; വിദ്യാർത്ഥികൾക്ക് അനുകൂലമായ വിധിഉണ്ടായ കേസ്സുകളിൽ ആയത് പാലിക്കാൻ പ്രിൻസിപ്പാൾ തയ്യാറായിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(എഫ്) കോളേജിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ ജില്ലാ കളക്ടർ യോഗം വിളിച്ചിരുന്നോ ; എന്തായിരുന്നു യോഗതീരുമാനങ്ങൾ ; അവ നടപ്പാക്കാൻ പ്രിൻസിപ്പാൾ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ജി) കാലിക്കറ്റ് യൂണിവേഴ്സിറ്റി വിദ്യാർത്ഥികളുടെ പരാതിയുടെ അടിസ്ഥാനത്തിൽ നൽകിയ നിർദ്ദേശങ്ങൾ പ്രിൻസിപ്പാൾ നടപ്പാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ; കഴിഞ്ഞ മൂന്ന് വർഷമായി പ്രിൻസിപ്പാളും കോളേജ് അധികൃതരും വിദ്യാർത്ഥികളോട് വൈരനിര്യാതന ബുദ്ധിയോടെ

LIBRARY ARCHIVES Kerala Legislative Assembly

പെരുമാറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഹൈക്കോടതി വിധികൾ, യൂണിവേഴ്സിറ്റി നിർദ്ദേശങ്ങൾ, കളക്ടറുടെ നിർദ്ദേശം എന്നിവയൊന്നും പാലിക്കാതിരിക്കാൻ കോളേജ് പ്രിൻസിപ്പാളിനുള്ള പ്രത്യേകാധികാരങ്ങൾ വ്യക്തമാക്കുമോ ; വിദ്യാർത്ഥികളുടെ ഭാവിയെ ബാധിക്കാതിരിക്കുന്നതിന് അവർക്ക് ഇടർ പഠനത്തിനും, പരീക്ഷ എഴുതുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) പതിനഞ്ച് വിദ്യാർത്ഥികൾക്കെതിരെ പ്രിൻസിപ്പാൾ പരാതി നൽകിയിട്ടുണ്ട്. ആയതിന് മൂന്ന് കേസ്സുകൾ രജിസ്റ്റർ ചെയ്ത് കറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് കോടതിയുടെ പരിഗണനയിലാണ്.

(ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഇ) വിദ്യാർത്ഥികൾക്കെതിരായി റിപ്പോർട്ട് ചെയ്തിട്ടുള്ള മൂന്ന് കേസ്സുകളും കോടതിയുടെ പരിഗണനയിലാണ്. ടി കേസ്സുകളിൽ വിധി പുറപ്പെടുവിച്ചിട്ടില്ലാത്തതാകുന്നു.

(എഫ്) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ജി) ആലത്തൂർ എസ്.എൻ. കോളേജിൽനിന്നും പുറത്താക്കപ്പെട്ട ശ്രീ. അൻഷിഫ്. കെ എന്ന വിദ്യാർത്ഥി നൽകിയ പരാതിയിന്മേൽ കോഴിക്കോട് സർവ്വകലാശാല ടിയാനെ തിരിച്ചെടുക്കണമെന്ന് പ്രിൻസിപ്പാളിന് നിർദ്ദേശം നൽകിയെങ്കിലും ആയത് പ്രിൻസിപ്പാൾ നടപ്പിലാക്കിയിട്ടില്ല. കോടതിയുടെയും യൂണിവേഴ്സിറ്റിയുടെയും നിർദ്ദേശങ്ങൾ നടപ്പിലാക്കാതിരിക്കുവാൻ പ്രിൻസിപ്പാളിന് പ്രത്യേക അധികാരമില്ല. ഈ വിഷയത്തിലുള്ള കോടതി വ്യവഹാരത്തിന്റെ തീർപ്പനുസരിച്ച് അനുയോജ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ഗവേണിംഗ് കൗൺസിൽ യോഗം

8(2913) ശ്രീ.കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ഗവേണിങ്ങ് കൗൺസിൽ യോഗം എപ്പോഴൊക്കെയാണ് വിളിച്ചുചേർത്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly